**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2868 — 22.06.2012 ൽ മറുപടിയ്ക്ക്

# ഇന്ദിരാ ആവാസ് യോജന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| എ) | കേന്ദ്രസർക്കാർ ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന ഭവനപദ്ധതിയായ ഇന്ദിരാ ആവാസ് യോജന പ്രകാരം ഒരു വീട് വയ്ക്കുന്നതിന് കേന്ദ്രം നൽകുന്ന തുകയെത്രയെന്ന് പറയാമോ; | എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജന ഭവനപദ്ധതി പ്രകാരം കേന്ദ്രസർക്കാരിന്റെ അനുവദനീയമായ ധനസഹായം 48,500/- രൂപയാണ്. ഇതിൽ കേന്ദ്രവിഹിതം 36,375/- രൂപയും (75%) സംസ്ഥാന വിഹിതം 12,125/ രൂപയുമാണ് |
| ബി) | പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാന സർക്കാർ ധനസഹായം വർദ്ധിപ്പിച്ച തുകയ്ക്ക് ആനുപാതികമായി കേന്ദ്ര സഹായം വർദ്ധിപ്പിക്കുമോയെന്നു വ്യക്തമാക്കുമോ; | ബി) | ഐ.എ.വൈ പദ്ധതി പ്രകാരം സംസ്ഥാന സർക്കാർ ധനസഹായം വർദ്ധിപ്പിച്ച സാഹചര്യത്തിൽ കേന്ദ്രസർക്കാരിന്റെ ധനസഹായതുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ശുപാർശ കേന്ദ്രസർക്കാരിൽ നൽകിയിട്ടുണ്ട്. |
| സി) | കേന്ദ്ര സഹായം വർദ്ധിപ്പിക്കാത്ത സാഹചര്യത്തിൽ പദ്ധതി നടപ്പാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ബാദ്ധ്യത വർദ്ധിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) | ഇത്തരമൊരു സാഹചര്യത്തിൽ പദ്ധതിയുടെ നടത്തിപ്പിന് ഉണ്ടാകുന്ന പ്രതിസന്ധിയെസംബന്ധിച്ച് വിലയിരുത്താമോ; പ്രസ്തുത പദ്ധതിയ്ക്കായുള്ള സംസ്ഥാന സർക്കാർ വിഹിതം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | ഡി) | ഐ.എ.വൈ പദ്ധതി പ്രകാരമുള്ള ധനസഹായ തുക വർദ്ധിപ്പിച്ചതിനാലും 48,500/- രൂപയ്ക്ക് പുറമെ തുക കണ്ടെത്തേണ്ടതിനാലും ജില്ല/ബ്ലോക്ക് /ഗ്രാമ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ പദ്ധതി വിഹിതത്തിൽ നിന്നും വകയിരുത്തേണ്ടതായിട്ടുണ്ട്. തുക വർദ്ധിപ്പിക്കുന്നതിന് മുമ്പ് അധികവിഹിതം നൽകുന്നതിനായുള്ള പ്രോജക്ടുകൾ നേരത്തെ തന്നെ അംഗീകാരം നേടികഴിഞ്ഞതിനാൽ തുക |

വർദ്ധനയ്ക്ക് ശേഷമുള്ള അധിക ബാദ്ധ്യതയ്ക്ക് വീണ്ടും പദ്ധതിവിഹിതത്തിൽ നിന്നും കണ്ടെത്താൻ കഴിയാത്ത ഒരവസ്ഥ പലബ്ലോക്ക് പഞ്ചായത്തുകളിലും നിലനൽക്കുന്നു. അധിക സാമ്പത്തിക സഹായത്തിന്റെ ഒരു ഭാഗം സംസ്ഥാന സർക്കാർ വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് നാളിതുവരെ ലഭിച്ച അപേക്ഷകളുടെ എണ്ണം എത്രയെന്നറിയിക്കുമോ ?

ഇ) ഇന്ദിരാ ആവാസ് യോജന നടപ്പിലാക്കുന്നത് ബ്ലോക്ക് പഞ്ചായത്തുകളിലൂടെയാണെങ്കിലും ഗുണഭോക്താക്കളിൽ നിന്നുള്ള അപേക്ഷകൾ നേരിട്ട് സ്വീകരിക്കുന്നില്ല. ഭവനരഹിതരുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തുകളിൽ തയ്യാറാക്കുന്നു. ഈ ലിസ്റ്റിൽ നിന്നും ഐ.എ.വൈ പദ്ധതിയ്ക്കായുള്ള ഗുണഭോക്താക്കളെ മുൻഗണനാക്രമത്തിൽ തയ്യാറാക്കി ഗ്രാമസഭയുടെ അംഗീകാരത്തോടെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുന്നു. ഓരോവർഷവും അനുവദിക്കുന്ന വീടുകളുടെ എണ്ണം നിശ്ചയിച്ചു നൽകുന്നത് കേന്ദ്ര സർക്കാരാണ്. ഈ ഭൗതിക ലക്ഷ്യം കൈവരിക്കുന്നതിനായി അതാത് ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ ലഭിച്ചിട്ടുള്ള ലിസ്റ്റുകളിൽ നിന്നും മുൻഗണനാക്രമത്തിൽ വീട് അനുവദിച്ച് നൽകുന്നു.

സെക്ഷൻ ഓഫീസർ